**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4208.

26.06.2013-ലെ മറുപടിയ്ക്ക്

**പുന്നമടക്കായലിൽ വള്ളം മറിഞ്ഞ് ഉണ്ടായ അപകടം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പുന്നമടക്കായലിൽ വള്ളം മറിഞ്ഞ് 11.06.2013-ൽ രണ്ട് ആന്ധ്രാ സ്വദേശികൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപകടകാരണം വിശദമാക്കാമോ; | (എ) ഉണ്ട്. റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |
| (ബി) 'ശിക്കാര' എന്ന ചെറുവള്ളങ്ങൾ വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്നതിന് ടൂറിസം വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇത്തരം വള്ളങ്ങളിൽ കൂടുതൽ യാത്രക്കാരെ യാതൊരു വിധ സുരക്ഷാസംവിധാനവും ഇല്ലാതെ കൊണ്ടുപോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം വള്ളങ്ങളെ നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) ഉണ്ട്. എന്നാൽ ഇത്തരം വള്ളങ്ങളെ നിയന്ത്രിക്കുന്നത് ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നില്ല. ടൂറിസം സെക്രട്ടറി ചെയർമാനായി രൂപീകരിച്ച ഹൗസ്ബോട്ട് സുരക്ഷാ കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ള ശിക്കാരവള്ളങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ